LIBRARY ARCHIVES Kerala Legislative Assembly

സർവ്വശിക്ഷാ അഭിയാൻ പദ്ധതി പ്രകാരമുള്ള മോണിട്ടറിംഗ് സമിതികൾ പുനഃസംഘടിപ്പിക്കാൻ നടപടി

36 [1437] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വശിക്ഷാ അഭിയാൻ പദ്ധതി പ്രകാരമുള്ള മോണിട്ടറിംഗ് സമിതികൾ പുനഃസംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പുതിയ ഘടന എപ്രകാരമാണ്;

(സി) പുനഃസംഘടിപ്പിച്ച മോണിറ്ററിംഗ് കമ്മിറ്റികൾ സംസ്ഥാനത്ത് ഒട്ടാകെ നിലവിൽവന്നിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട് †

(സി) ഉണ്ട്.

എസ്. എസ്. എ. പദ്ധതിയുടെ നിബന്ധനകളിൽ മാറ്റം വരുത്തുന്നതിന് നടപടി

37 [1438] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എ. പദ്ധതിക്കായി സംസ്ഥാനത്തിന് കേന്ദ്ര സർക്കാർ 2001-02, 2002-03, 2003-04, 2004-05, 2005-06 വർഷങ്ങളിൽ അനുവദിച്ച സംഖ്യ എത്രയാണെന്നു വെളിപ്പെടുത്താമോ;

(ബി) മേൽ വർഷങ്ങളിൽ ഓരോ വർഷവും ചെലവഴിച്ച സംഖ്യ എത്രയെന്ന് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ നാല് വർഷങ്ങളിൽ തൃശ്ശൂർ ജില്ലയ്ക്ക് അനുവദിച്ച സംഖ്യ എത്രയെന്നും ചെലവഴിച്ച സംഖ്യ എത്രയെന്നും വ്യക്തമാക്കാമോ;

(ഡി) എസ്. എസ്. എ. പദ്ധതിയുടെ നിബന്ധനകളിൽ കാലോചിതമായ മാറ്റം വരുത്തണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.